**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3388** **19.06.19 ൽ മറുപടിയ്ക്ക്**

**അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ**

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ വാഹനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ (എച്ച്.എസ്.ആർ.പി.) ഘടിപ്പിക്കുവാൻ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 09/05/2019 ലെ ബി2/125/2019/ഗതാ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ സർക്കാർ വാഹനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി വ്യക്തമാക്കുമോ; | (ബി) | സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | എല്ലാ സ്വകാര്യ വാഹനങ്ങളിലും എച്ച്.എസ്.ആർ.പി. ഘടിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 01/04/2019 മുതൽ നിർമ്മിക്കുന്ന എല്ലാ വാഹനങ്ങളിലും കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള വാഹനങ്ങൾക്ക് എച്ച് എസ് ആർ പി ഘടിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല |
| (ഡി) | നിലവിലുള്ള വാഹനങ്ങൾക്ക് എച്ച്.എസ്.ആർ.പി. നൽകുന്നതിന് ഡീലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 06/12/2018 ലെ എസ്.ഒ.6052 (ഇ) നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള വാഹനങ്ങൾക്ക്, വാഹന ഉൽപ്പാദകരുടെ ഡീലർമാർ അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് നൽകേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് നൽകുന്നതിന് വാഹന ഡീലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**